**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1570** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു, ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, ശ്രീ. പി. മമ്മിക്കുട്ടി, ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തിലെ 152 ബ്ലോക്കുകളിലും ഓരോ കാർഷിക വിജ്ഞാന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കാർഷിക സാങ്കേതികവിദ്യ പരിശീലനങ്ങൾ, ഉൽപാദനോപാധികളുടെ വിതരണം എന്നിവയ്ക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കാർഷിക സർവ്വകലാശാലയിലെ വിദഗ്ധർ ഓരോ കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെയും കീഴിലുള്ള കൃഷിയിടങ്ങൾ കൃത്യമായി സന്ദർശിക്കുകയും ആവശ്യമുള്ള സാങ്കേതിക നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | കാർഷിക ബിരുദ വിദ്യാർത്ഥികളെ കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ ഭാഗമാക്കിക്കൊണ്ടുള്ള പഠന രീതിക്ക് തുടക്കം കുറിക്കുവാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ബിരുദ വിദ്യാർത്ഥികളെ കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ ഭാഗമാക്കിക്കൊണ്ടുള്ള പഠന രീതിക്ക് ഈ വർഷം മുതൽ തുടക്കം കുറിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>കാർഷിക ബിരുദ വിദ്യാർത്ഥികളുടെ 7-ാം സെമസ്റ്ററിലെ RAWEപദ്ധതിയിൽ ഒരാഴ്ചക്കാലം കെ.വി.കെ-കളിൽ പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ട്. കൃഷി സാഹചര്യങ്ങളെ കുറിച്ചും വിജ്ഞാന വ്യാപന ഇടപെടലുകളെക്കുറിച്ചുമുള്ള പങ്കാളിത്ത പഠനം (Participatory Learning on Farming Situations and Extension Interventions) എന്ന പുതിയ കോഴ്സ് ആരംഭിക്കുന്നതിനും 2022 അധ്യയന വർഷത്തിൽ ബി.എസ്.സി (ഹോണേഴ്സ്) അഗ്രികൾച്ചർ ബിരുദത്തിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ 2,3,4 സെമസ്റ്ററുകളിലായി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 10 വിദ്യാർത്ഥികൾ അടങ്ങിയ ഒരു ഗ്രൂപ്പിന് കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെ |

| | | | |
|---|---|---|---|
| | | | ച്ചമതലയുള്ള കൃഷി ശാസ്ത്രജ്ഞന്റെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതാണ്. വിദ്യാർത്ഥികൾ നിർബന്ധമായും കുറഞ്ഞത് 120 മണിക്കൂർ സമയം കർഷകരോട് സംവദിച്ച് കൃഷിയിട സന്ദർശനങ്ങളും, അനുബന്ധ ക്യാമ്പുകളും നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കർഷകരുടെ ജീവിത സാഹചര്യം, കൃഷിരീതികൾ, കർഷകർ നേരിടുന്ന സാമ്പത്തിക-സാമൂഹ്യ പ്രശ്നങ്ങൾ, വിപണിയും വിപണനവും, മൂല്യവർദ്ധന രീതികൾ, കാർഷിക വികസനത്തിനായുള്ള പദ്ധതികൾ, അവയിൽ മറ്റ് സ്ഥാപനങ്ങളുടെ പങ്ക് എന്നിവയായിരിക്കും വിദ്യാർത്ഥികളുടെ പ്രധാന പഠന വിഷയങ്ങൾ. |
| (സി) | ഇത്തരത്തിൽ കർഷിക ബിരുദ വിദ്യാർത്ഥികളെ കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ ഭാഗമാക്കുമ്പോൾ പ്രസ്തുത മേഖലയിൽ സർക്കാർ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (സി) | ഇന്നത്തെ കാർഷിക ബിരുദ വിദ്യാർത്ഥികളാണ് നാളത്തെ കൃഷി ഉദ്യോഗസ്ഥരും കാർഷിക ശാസ്ത്രജ്ഞരും ആയി തീരുന്നത്. പഠന കാലത്ത് തന്നെ കർഷകർക്കിടയിൽ ചെലവഴിക്കുന്നത് അവരുടെ ഭാവി ഔദ്യോഗിക ജീവിതം കൂടുതൽ കർഷക ക്ഷേമോന്മുഖമായിത്തീരാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.<br><br>കാർഷിക ബിരുദ വിദ്യാർത്ഥികളെ ഇത്തരം കേന്ദ്രങ്ങളുടെ ഭാഗമാക്കുന്നത് വഴി കർഷകരും കാർഷിക രംഗവും അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ച് കാർഷിക വിദ്യാർത്ഥികൾക്കിടയിൽ അവബോധമുണ്ടാക്കുവാനും, അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നൂതന ആശയങ്ങൾ രൂപീകരിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുവാനും സാധിക്കുമെന്ന് കരുതുന്നു. കേരളത്തിലെ കാർഷിക സാഹചര്യങ്ങളെ കുറിച്ചും കാർഷിക രംഗത്തെ ഗവേഷണ വിജ്ഞാന വ്യാപന പ്രവർത്തനത്തെ കുറിച്ചും പ്രാഥമികമായി കാർഷിക വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനും അതുവഴി കാർഷികരംഗത്തെ വിദഗ്ദരായി വാർത്തെടുക്കുവാനുമാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | കാർഷിക സാഹചര്യങ്ങളെക്കുറിച്ചും അനുബന്ധ മേഖലകളെക്കുറിച്ചും എല്ലാ വിദ്യാർത്ഥികളിലും അവബോധവും താല്പര്യവും സൃഷ്ടിക്കുന്ന തരത്തിൽ ഒരു സമഗ്ര പരിപാടി തയ്യാറാക്കുന്നതിന് തയ്യാറാകുമോയെന്ന് അറിയിക്കുമോ? | (ഡി) | കാർഷിക സാഹചര്യങ്ങളെക്കുറിച്ചും അനുബന്ധ മേഖലകളെക്കുറിച്ചും എല്ലാ വിദ്യാർത്ഥികളിലും അവബോധവും താൽപര്യവും സൃഷ്ടിക്കുന്ന തരത്തിൽ കൃഷി പാഠ്യപദ്ധതിയുടെ ഭാഗമാക്കുവാൻ കഴിയുമോ എന്ന വിഷയത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ചർച്ച നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ